भारतीय रिज़र्व बैंक
RESERVE BANK OF INDIA
www.rbi.org.in

RBI/2018-19/11
DCM (CC) No.G-4/03.44.01/2018-19 ജൂലൈ 03, 2018

എല്ലാ ബാങ്കുകളുടേയും

ചെയർമാൻ/മാനേജിംഗ് ഡയറക്ടർ/

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പ്രിയപ്പെട്ട മാഡം/ സർ,

**പൊതുജനങ്ങൾക്കു നൽകുന്ന സേവനം അടിസ്ഥാനമാക്കി ബാങ്ക് ശാഖകൾക്കു പിഴകൾ നൽകുന്ന പദ്ധതി- മുഖ്യസർക്കുലർ**

1. പിഴകളെ സംബന്ധിച്ച പദ്ധതി വിവരിക്കുന്ന ഞങ്ങളുടെ 2017 ഒക്ടോബർ 12-ലെ DCM (CC) നമ്പർ സർക്കുലർ പരിശോധിക്കുക.

2. ഈ വിഷയത്തിൽ പുതുക്കിയതും അപ്ഡേറ്റ് ചെയ്തതുമായ ഒരു വിവരണം നിങ്ങളുടെ അറിവിലേക്കും ആവശ്യമായ നടപടികൾക്കുംവേണ്ടി ഇതോടൊപ്പം വച്ചിരിക്കുന്നു.

3. ഈ പ്രാമാണിക സർക്കുലർ ഞങ്ങളുടെ www.rbi.org.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

വിശ്വാസപൂർവ്വം

മാനസ് രൻജൻ മൊഹന്തി

ചീഫ് ജനറൽ മാനേജർ

encl:

वित्तीय समावेशन और विकास विभाग, केन्द्रीय कार्यालय,10 वी मंजिल, केंद्रीय कार्यालय भवन, शहीद भगतसिंह मार्ग,पोस्ट बॉक्स सं. 10014,मुंबई -400001
Financial Inclusion & Development Dept.,Central Office,10th Floor, Central Office Building,Shahid Bhagat Singh Marg,P.B.No.10014,Mumbai-1
टेली Tel:022-22601000 फैक्स: 91-22-22621011/22610943/22610948 ई -मेल : cgmincfidd@rbi.org.in
हिंदी आसान है,इसका प्रयोग बढ़ाइए।
"चेतावनी : रिज़र्व बैंक द्वारा मेल-डाक, एसएमएस या फोन कॉल के जरिए किसी की भी व्यक्तिगत जानकारी जैसे बैंक के खाते का ब्यौरा, पासवर्ड आदि नहीं मांगी जाती है। यह धन रखने या देने का प्रस्ताव भी नहीं करता है। ऐसे प्रस्तावों का किसी भी तरीके से जवाब मत दीजिए।"
Caution: RBI never sends mails, SMSs or makes calls asking for personal information like bank account details, passwords, etc. It never keeps or offers funds to anyone. Please do not respond in any manner to such offers.

## കറൻസി ചെസ്റ്റുകളുൾപ്പെടെ ബാങ്ക്ശാഖകൾ പൊതുജനങ്ങൾക്കു നൽകുന്ന സേവനങ്ങളുടെ പ്രവർത്തനരീതിയെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന പിഴകൾ വിവരിക്കുന്ന പ്രാമാണിക സർക്കുലർ

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുവേണ്ടി, കറൻസി ചെസ്റ്റുകളുൾപ്പെടെയുള്ള ബാങ്ക്ശാഖകൾ, നോട്ടുകളും നാണയങ്ങളും മാറി കൊടുക്കുന്നതു സംബന്ധമായ ക്ലീൻനോട്ട് പോളി സിയുടെ ലക്ഷ്യങ്ങൾ മുൻനിറുത്തി പിഴകൾ ചുമത്തുന്ന പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നു.

**2. പിഴകൾ**

നോട്ടുകളും നാണയങ്ങളും മാറ്റി നൽകുക, ആർ.ബി.ഐ.യ്ക്ക് അയക്കുന്ന പണമടവുകൾ, കറൻസി ചെസ്റ്റി ലെ ഇടപാടുകൾ എന്നിവയുമായി ബന്ധപ്പെട്ട് ചുമത്തുന്ന പിഴകൾ താഴെ കൊടുക്കുന്നു.

| ക്രമ. നം. | ക്രമക്കേടുകളുടെ സ്വഭാവം | പിഴ |
|---|---|---|
| i | മുഷിഞ്ഞ നോട്ടുകളുടെ അടവിലും, കറൻസി ചെസ്റ്റുകളിൽവരുന്ന കുറവുകളും. | **50 രൂപ വരെയുള്ള നോട്ടുകൾ**<br><br>നഷ്ടത്തിനുപുറമെ ഓരോ നോട്ടിനും 50 രൂപ വീതം<br><br>**100-ൻറെ നോട്ടിനും അതിനുമുകളിലുള്ളതും.** നഷ്ടത്തിനുപുറമെ ഓരോ നോട്ടിനും തുല്യമായ തുക ഓരോ പണമടവിലും 100 ൻറെയും അതിനുമകളിലുള്ളവയും ഉടൻ തന്നെ പറ്റെഴുതണം.<br><br>തുടർച്ചയായി നൂറ് നോട്ടുകൾ എന്ന പരിധി എത്തുമ്പോൾ പിഴ ചുമത്തേണ്ടതാണ്. |
| ii | പണമടവു സമയത്തും കറൻസി ചെസ്റ്റിൽ മുഷിഞ്ഞ നോട്ടുകൾ അടയ്ക്കുമ്പോഴും കണ്ടുപിടിക്കുന്ന കള്ളനോട്ടുകൾ | മുഷിഞ്ഞ നോട്ടുകൾ ബാങ്കുകൾ അടയ്ക്കുമ്പോഴും കറൻസി ചെസ്റ്റുകളിലെ നീക്കിയിരുപ്പിൽനിന്നും ആർ.ബി.ഐ. കണ്ടുപിടിക്കുന്ന കള്ളനോട്ടുകളുടേയും കാര്യത്തിൽ 2018 ജൂലൈ 2-ലെ DCM (FNVD) NOG-1/16-01-2005/2018-19 ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശ ങ്ങൾ അനുസരിച്ച് പിഴ ഈടാക്കേണ്ടതാണ്. |
| iii | മുഷിഞ്ഞ നോട്ടുകളടക്കുമ്പോഴും കറൻസി ചെസ്സുകളിൽ കീറിയും മറ്റുവിധത്തിലുള്ള വികലമായ നോട്ടുകൾ കണ്ടുപിടിക്കുമ്പോൾ | ഡിനോമിനേഷനിൽ വ്യത്യാസമില്ലാതെ ഓരോ നോട്ടിനും 50 രൂപ വീതം. **ഓരോ പണമടവിലുമുള്ള 100 വികലമായ നോട്ടുകളുടെ തുക ഉടൻ പറ്റെഴുതണം. തുടർച്ചയായ 100 നോട്ടുകളുടെ പരിധി എത്തുമ്പോൾ പിഴ ചുമത്തണം.** |
| iv | കറൻസിചെസ്റ്റുകളെ സംബന്ധിച്ച ആർബിഐ പ്രവർത്തന നിർദ്ദേശങ്ങൾ പാലിക്കുന്നില്ല എന്നു കണ്ടെത്തുമ്പോൾ<br><br>(a) സിസിടിവി പ്രവർത്തനരഹിതം | ഓരോ ക്രമക്കേടിനും 500 രൂപ വീതം പിഴ.<br><br>ക്രമക്കേട് ആവർത്തിക്കുമ്പോൾ പിഴ 10,000 രൂപയായി ഉയർത്തും. |

| | | |
|---|---|---|
| | (b) ശാഖകളിലെ പണവും റിക്കോർഡുകളും സ്ട്രോങ്റൂമിൽ സൂക്ഷിച്ചിരിക്കുന്നു.<br>(c) എൻ.എസ്.എം. കൾ നോട്ടുകൾ തരംതിരിക്കുന്നതിനായി ഉപയോഗിക്കുന്നില്ല (കൗണ്ടറുകളിൽ കിട്ടുന്ന വലിയ ഡിനോമിനേഷൻ നോട്ടുകൾ തരംതിരിക്കുന്നതിനും ആർ.ബി.ഐ. കറൻസിചെസ്റ്റു കളിലേക്ക് ലഭിക്കുന്ന നോട്ടുകളും തരം തിരിക്കുന്നതിൻ എൻ.എസ്.എം. കൾ ഉപയോഗിക്കുന്നില്ല. | പിഴ ഉടൻതന്നെ ഈടാക്കും. |
| v | കറൻസി ചെസ്സുകൾ തുടങ്ങുമ്പോഴും അവ പ്രവർത്തിപ്പിക്കുമ്പോഴും ഒപ്പിടുന്ന ഉടമ്പടിയുടെ വ്യവസ്ഥകൾ ലംഘിക്കുകയോ, നോട്ടുകൾ മാറ്റി നൽകുന്നതിൽ പോരായ്മകൾ, ആർ.ബി.ഐ. ഉദ്യോഗസ്ഥർ കണ്ടെത്തുമ്പോഴോ ഉദാ.<br><br>a) സ്റ്റോക്കുള്ളപ്പോഴും, കൗണ്ടറിൽ എത്തുന്ന കസ്റ്റമർക്ക് നാണയങ്ങൾ കൊടുക്കാതിരിക്കുക.<br>b) ഏതെങ്കിലും ബാങ്കിൻറെ ശാഖ മുഷിഞ്ഞ നോട്ടുകൾ മാറ്റി നൽകാതിരിക്കുക, ഏതെങ്കിലും വ്യക്തികൾ സമർപ്പിക്കുന്ന വികലമായ നോട്ടുകളുടെ സ്വീകാര്യത തീർപ്പുകൽപ്പിക്കാതിരിക്കുക.<br>c) രണ്ടുമാസത്തെ ഇടവേളകളിൽ കറൻസി ചെസ്റ്റുകൾ, മുന്നറിയിപ്പില്ലാതെ, ചുമതല വഹിക്കുന്നവരല്ലാത്ത ഉദ്യോഗസ്ഥർ പരിശോധിക്കുക, അല്ലെങ്കിൽ, മേൽനോട്ടചുമതലയുള്ള ഓഫീസുകളിലുള്ള ഉദ്യോഗസ്ഥർ പരിശോധിക്കാതിരിക്കുക.<br>d) ബന്ധപ്പെടുത്തിയിട്ടുള്ള മറ്റു ബാങ്കുകളുടെ ശാഖകൾക്ക് സേവനങ്ങളും, സൗകര്യങ്ങളും നൽകാതിരിക്കുക.<br>e) കുറഞ്ഞ ഡിനോമിഷനിലുള്ള നോട്ടുകൾ (50 രൂപയ്ക്കുതാഴെ ഡിനോമിനേഷനിലുള്ളവ) പൊതുജനങ്ങളിൽനിന്നോ ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് ശാഖകളിൽനിന്നോ സ്വീകരിക്കാതിരിക്കുക.<br>f) കറൻസിചെസ്റ്റു ശാഖകൾവിതരണത്തിനു തയാറാക്കിയ | ഉടമ്പടി ലംഘിക്കപ്പെടുമ്പോഴും സേവനങ്ങളിൽ പോരായ്മകളുണ്ടാവുമ്പോഴും 10,000 രൂപ.<br><br>5 ലക്ഷം രൂപ : ഉടമ്പടി ലംഘനം, സേവനങ്ങളിലെ പോരായ്മ എന്നിവ 5 പ്രാവശ്യത്തിൽ കൂടുതലാകുമ്പോൾ. ഈ പിഴ ചുമത്തൽ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തും.<br><br>പിഴ ഉടൻതന്നെ ഈടാക്കും. |

| | | |
|---|---|---|
| | നോട്ടുകെട്ടുകളിൽ വികലമായതോ കള്ളനോട്ടുകളോ കണ്ടെടുക്കുക. | |

3. **പിഴകൾ ചുമത്തുന്നതു സംബന്ധിച്ചുള്ള പ്രവർത്തന നിർദ്ദേശങ്ങൾ.**

3.1. **അംഗീകൃത അധികാരി**

ക്രമക്കേടിൻറെ സ്വഭാവം നിർണ്ണയിക്കുന്നത്, കറൻസിചെസ്റ്റ് അല്ലെങ്കിൽ ബാങ്ക് ഏത് റീജിയണൽ ഓഫീസിൻറെ കീഴിലാണോ വരുന്നത് അവിടത്തെ ഇഷ്യൂ ഡിപ്പാർട്ടുമെൻറിലെ ഓഫീസർ ഇൻചാർജ്ജ്.

3.2. **അപ്പലേറ്റ് അധികാരി**

(i) അംഗീകൃത അധികാരിയുടെ തീരുമാനത്തിലുള്ള അപ്പീൽ, കറൻസി ചെസ്റ്റിൻറോയോ, ശാഖയുടേയോ നിയന്ത്രണാധികാരി, റീജിയണൽ ഓഫീസിലെ റീജിയണൽ ഡയറക്ടർക്ക്, പിഴ ഈടാക്കികഴിഞ്ഞ് ഒരു മാസം തികയുംമുമ്പ് സമർപ്പിക്കണം. അദ്ദേഹം അപ്പീൽ അനുവദിക്കണോ തള്ളണോ എന്ന് തീരുമാനിക്കും.

(ii) ജീവനക്കാർ പുതിയതാണ്, വേണ്ടത്ര പരിശീലനം ലഭിക്കാത്തവരാണ്, ജീവനക്കാരുടെ ജാഗ്രതാക്കുറവാണ്, തിരുത്തൽ നടപടികൾ എടുത്തിട്ടുണ്ട്, നടപടികൾ എടുക്കുന്നതായിരിക്കും എന്നീ കാരണങ്ങൾ കാണിച്ച് പിഴ ഈടാക്കുന്നത് ഒഴിവാക്കണമെന്നുള്ള അപേക്ഷകളൊന്നും പരിഗണി ക്കുന്നതല്ല.

---------------------------------------------------------------------